പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3710 | 19.03.2018-ൽ മറുപടിക്ക്

## പൊതുമരാമത്ത് പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ? | (എ) യും (ബി) യും | പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനായി 05.01.2018-ലെ സ.ഉ (കൈ) നം. 1/2018/പൊ.മ.വ പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ സമിതികൾ പ്രവൃത്തികൾ പരിശോധിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നു. റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരായ ഏതൊരാൾക്കും ജില്ലാസമിതി മുമ്പാകെ നൽകാവുന്നതാണ്. പരിശോധനയ്ക്കു ശേഷം സമിതിയുടെ ശിപാർശ സഹിതം റിപ്പോർട്ട് സർക്കാരിലേക്ക് നൽകുന്നതിനാണ് പ്രവർത്തന മാർഗ്ഗരേഖയിൽ ആവശ്യപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ